അച്ചടി വകുപ്പിൽ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയ ജീവനക്കാർ

167 (2440) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ അന്തർ ജില്ലാ സ്ഥലം മാറ്റം വാങ്ങിയ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഓരോരുത്തരുടേയും റിക്രൂട്ടിംഗ് ജില്ലയും സ്ഥലം മാറിപ്പോയ ജില്ലയും, ഏതെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ല റിക്രൂട്ടിംഗ് ബോർഡിൽ കോപ്പി ഹോൾഡറായി പ്രവേശിച്ച എത്ര ജീവനക്കാർ 1982-83 വർഷങ്ങളിൽ എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം വാങ്ങിപ്പോയി എന്ന് പേരുസഹിതം വെളിപ്പെടുത്തുമോ ;

(ഡി) ഇതുമൂലം എറണാകുളം ജില്ലയിൽ ഉണ്ടായിരുന്ന ആർക്കെങ്കിലും ജോലി നഷ്ടപ്പെട്ടുവോ എന്നും സ്ഥലം മാറിപ്പോയവർക്ക് സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും ജോലി നഷ്ടപ്പെട്ടവർക്ക് സർവ്വീസ് ബ്രേക്ക് വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) അന്തർ ജില്ലാ സ്ഥലം മാറ്റം ജീവനക്കാർ ആവശ്യപ്പെടാതെ നൽകാറുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ജി) ഇപ്പോൾ ഡി.ആർ.ബി. റിക്രൂട്ട് ചെയ്ത എത്രപേർ അദർ ഡ്യൂട്ടിയിൽ മറ്റു ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കാമോ ;

(എച്ച്) ഇവരുടെ റിക്രൂട്ടിംഗ് ജില്ലയും ഇപ്പോൾ അവർ അദർ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്ന ജില്ലയും ഓരോരുത്തരും ഏത് ജില്ലാക്കാരാണെന്നും എന്തടിസ്ഥാനത്തിലാണ് അദർ ഡ്യൂട്ടി നൽകിയതെന്നുമുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(എഫ്) നൽകിയിട്ടുണ്ട്. പൊതു താല്പര്യം പരിഗണിച്ച് ജീവനക്കാർ ആവശ്യപ്പെടാതെ അന്തർ ജില്ലാ സ്ഥലം മാറ്റം നല്കിയിട്ടുണ്ട്.

(ജി&എച്ച്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

സർക്കാർ പ്രസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

168 (2447) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളിലെ യന്ത്രസാമഗ്രികളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly